ഉത്തരം

(എ) ഉണ്ട്. അത്യാവശ്യം വേണ്ട 38 തസ്തികകൾ ഉൾക്കൊള്ളിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

(ബി) ആരോഗ്യവകപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ 13344/ എം1/ 2013/ആ.ക.വ. എന്ന ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു. ടി ഫയൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശയോടെ ധനകാര്യവകപ്പിലേക്ക് അയച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

പെരിമ്പിലാവ് പ്രാഥമിക ആരോഗ്യകേന്ദ്രം

101 (766) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ ഗ്രാമപഞ്ചായത്ത് പെരിമ്പിലാവ് പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം ഡോക്ടർ ഇല്ലാത്തതിനാൽ മുടക്കത്തിലാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പനി, ഛർദ്ദി, വയറിളക്കം തുടങ്ങിയ മഴക്കാലപൂർവ്വരോഗങ്ങൾ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്നതു കണക്കിലെടുത്ത്, ധാരാളം രോഗികൾ ചികിത്സ തേടിയെത്തുന്ന പ്രസ്തുത P.H.C.-യിൽ ഡോക്ടറെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പെരുമ്പിലാവ് പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ 19-6-2015 വരെ ശൂന്യവേതനാവധിയിലാണ്. ആയതിനാൽ സാമൂഹികാരോഗ്യ കേന്ദ്രം പഴഞ്ഞിയിലെ ഒരു ഡോക്ടർക്ക് പെരുമ്പിലാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പൂർണ്ണ അധിക ചുമതല നൽകിയിട്ടുണ്ട്.

ക്ലിനിക്കൽ ലാബുകളിലെ ജീവനക്കാരുടെ യോഗ്യത

102 (767) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലിനിക്കൽ ലാബുകളിൽ നിശ്ചിത യോഗ്യതയില്ലാത്തവർ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയത് പരിശോധിച്ച് നടപടിയെടുക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളത് ;

(സി) ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്നകാര്യം പരിശോധിച്ച് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്ന സേഫ് കേരള പരിപാടിയുടെ ഭാഗമായി തിരു-കൊച്ചി പൊതുജനാരോഗ്യ നിയമം 1955, മദിരാശി പൊതുജനാരോഗ്യ നിയമം 1939 എന്നിവ അടിസ്ഥാനമാക്കിയാണ് സംസ്ഥാന വ്യാപകമായി പരിശോധന നടത്തി നടപടി സ്വീകരിച്ചത്.

(സി) ഉണ്ട്. പൊതുജനാരോഗ്യ നിയമങ്ങളുടെ പരിധിയിൽനിന്നാണ് ഇപ്പോൾ പരിശോധനകൾ നടത്തിയിട്ടുള്ളത്. സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, ലബോറട്ടറികൾ, നേഴ്സിംഗ് ഹോം തുടങ്ങിയവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേഷൻ എന്നിവയ്ക്കുവേണ്ടിയുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പാസ്സാകുന്നതോടെ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടം

103 (T 768) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുപത്തിനാല്മണിക്കൂർ പോസ്റ്റ്മോർട്ടത്തിനുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യത്തിൽ നൽകിയ ഉറപ്പ് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ആശുപത്രികളിൽ അതു നടപ്പാക്കിയിട്ടുണ്ടെന്നതു സംബന്ധിച്ച വിശദവിവരം നൽകാമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഉറപ്പ് അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly